**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5924** **09-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് പദ്ധതിയിൽ ഏതൊക്കെ ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഏതൊക്കെ ചികിത്സയാണ് ഉള്ളതെന്നും വിശദ വിവരം ലഭ്യമാക്കാമോ; | (എ) | **മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളും അവിടെ ലഭ്യമാകുന്ന ചികിത്സാ വിഭാഗങ്ങളുടെ വിശദ വിവരവും മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.** |
| (ബി) | പ്രസ്തുത പദ്ധതിയിൽപ്പെടാത്ത ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് മെഡിസെപ്പ് ആനുകൂല്യം ലഭിക്കാതിരിക്കുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവെച്ച ധാരണപത്രം (MoU) പ്രകാരം പുറപ്പെടുവിച്ച 17/02/2023 ലെ 18/2023/ധന സർക്കുലർ സംബന്ധിച്ച നിബന്ധനകൾ പുതുക്കി പുറപ്പെടുവിച്ച 05/01/2024 തീയതിയിലെ 01/2024/ ധന സർക്കുലറിലെ നിബന്ധനകളനുസരിച്ച് വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം എന്നീ അടിയന്തര സാഹചര്യങ്ങളിൽ മാത്രം മെഡിസെപ് -ൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിൽ ചെയ്യുന്ന അടിയന്തര ചികിത്സ/ ശസ്ത്രക്രിയകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷുറൻസ് കമ്പനി റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതാണ്. |
| (സി) | മെഡിസെപ്പ് പ്രാബല്യ തീയതിക്ക് മുൻപ് ചികിത്സ നടത്തുകയും അവയവ മാറ്റ ശസ്ത്രക്രിയ അതേ ആശുപത്രിയിൽ പ്രാബല്യ തീയതിക്ക് ശേഷം നടത്തുകയും ചെയ്ത ആളുകൾക്ക് മെഡിസെപ്പ് ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ